"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - കണ്ണൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സനിൽ.കെ.യുടെ ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.227/2024/F&P തീയതി,തിരുവനന്തപുരം, 07-05-2024

---

പരാമർശം:-
1. ഫിഷറീസ് ഡയറക്ടറുടെ 05/04/2024-ലെ DFTVM/1206/2024-A1 നമ്പർ ഉത്തരവ്
2. ഫിഷറീസ് ഡയറക്ടറുടെ 23/04/2024-ലെ DFTVM/1206/2024-A1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഫിഷറീസ് വകുപ്പിൽ 25/04/2016 FN ൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.സനിൽ.കെ യുടെ രണ്ടു വർഷ പ്രൊബേഷൻ കാലയളവ് 24/04/2018 AN ൽ അവസാനിക്കേണ്ടതായിരുന്നു. എന്നാൽ ടിയാൻ പ്രസ്തുത കാലയളവിൽ വകുപ്പ്തല പരീക്ഷയായ MOP പാസ്സാകാത്തതിനാൽ പരാമർശം (1) പ്രകാരം ഫിഷറീസ് ഡയറക്ടർ 1 വർഷത്തേക്ക് ( 24.04.2019 വരെ) ടിയാന്റെ പ്രൊബേഷൻ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ടിയാൻ MOP പാസ്സായത് 04/10/2023 ൽ നടന്ന പരീക്ഷയിലാണ്. കെ.എസ്.& എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് 25.04.2019 മുതൽ MOP പാസ്സായ തീയതി വരെ ദീർഘിപ്പിക്കുന്നതിനായി പരാമർശം (2) പ്രകാരം ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.സനിൽ.കെ- യുടെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ 05.10.2023 FN പ്രാബല്യത്തിൽ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ നിയമനാധികാരിയായ ഫിഷറീസ് ഡയറക്ടർക്ക് സാധിക്കുമാറ്, ടിയാളുടെ ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് KS&SSR ഭാഗം II ചട്ടം 21 പ്രകാരം 25.04.2019 മുതൽ 06.10.2023 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEDEVI I B

അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (ഫിഷറീസ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ശേഖം/ഫയൽ പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ